# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2745 — 06.11.2019-ൽ മറുപടിയ്ക്ക്.

## മിൽമയുടെ ഘടനയെക്കുറിച്ചുള്ള റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) റിട്ടയർഡ് ഐ.എ.എസ്.ഓഫീസർ ലിഡ ജേക്കബിന്റെ നേതൃത്വത്തിൽ മിൽമയുടെ ഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചത് എന്നാണ് എന്നറിയിക്കാമോ; | (എ) കേരളത്തിലെ ത്രിതല ക്ഷീര സഹകരണ മേഖലയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി.ലിഡ ജേക്കബ് അദ്ധ്യക്ഷയായി രൂപീകരിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് 23.05.2018 നാണ് സമർപ്പിച്ചത്. |
| (ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ; | (ബി) പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) ക്ഷീര വികസന വകുപ്പ് ഡയറക്ടർ, കൺവീനറും, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി, ഡീൻ കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, മാനേജിംഗ് ഡയറക്ടർ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, ജോയിന്റ് ഡയറക്ടർ (ജനറൽ) ക്ഷീര വികസന വകുപ്പ് എന്നിവർ അംഗങ്ങളുമായ ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയെ ലിഡ ജേക്കബ് റിപ്പോർട്ടിലെ ശുപാർശകൾ പ്രായോഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ശ്രീമതി.ലിഡാ ജേക്കബ് അദ്ധ്യക്ഷയായ സമിതി ത്രിതല ക്ഷീരസഹകരണ മേഖലയിലെ ജനാധിപത്യ പ്രക്രിയ സുശക്തമാക്കാൻ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ നിയമത്തിലെ 28-ാം വകുപ്പിൽ (1K) ഉപവകുപ്പ് കൂടി കൂട്ടി ചേർത്തിട്ടുണ്ട്. ഇതിലൂടെ മേഖലാ യൂണിയനുകളിലെ ഭരണസമിതി അംഗങ്ങളെ അതാത് ജില്ലകളിലെ സംഘം പ്രസിഡന്റുമാർ തന്നെ തെരഞ്ഞെടുക്കുന്ന രീതി കൊണ്ടു വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ